
# ലോകചരിത്രം

(ഒന്നാം ഭാഗം)

പ്രൊഫ. പി.എസ്. വേലായുധൻ



കേരളത്തിലെ വിവിധ സർവകലാശാലകളിലെ ചരിത്രവിദ്യാർഥികൾ സഹർഷം സ്വാഗതം ചെയ്ത ഒരു പാഠപുസ്തകമാണ് ലോകചരിത്രം ഒന്നാം ഭാഗം. സംഭവബഹുലമായ പ്രാചീനലോകത്തിന്റെ ചരിത്രവും സംസ്കാരവും ലളിതമായി പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥമാണിത്. പ്ലസ് ടു വിദ്യാർഥികൾക്കും ഈ ഗ്രന്ഥം പ്രയോജനപ്രദമാണ്.

SIL-4813 വില: ₹ 175

ISBN 978-81-200-4813-3

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
സാംസ്കാരികവകുപ്പ്, കേരള സർക്കാർ

ലോകചരിത്രം (ഒന്നാം ഭാഗം)



ലോകചരിത്രം

(ഒന്നാം ഭാഗം)

പ്രൊഫ. പി.എസ്. വേലായുധൻ

303

2098

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2098 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| 19 - 20 | | |

2098

*Malayalam*
**LOKACHARITRAM**
( History of the World - Part I)

*by*
**P.K. P.S. VELAYUDHAN**

*First Published :* July 1973
*Eighteenth Edition :* December 2019

*Reset at*
SIL-DTP Section

*Printed at*
Time Offset Printers
Thiruvananthapuram

*Published by*
The State Institute of Languages
Kerala, Thiruvananthapuram-695 003
☎ 0471-2316306, 2314768

© The State Institute of Languages, Kerala
Thiruvananthapuram - 1973

Copies : 2000

**SIL / 4813** **Price Rs. 175/-** **ISBN 978-81-200-4813-3**

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.

# ലോകചരിത്രം

## (ഒന്നാം ഭാഗം)

പ്രൊഫ. പി.എസ്. വേലായുധൻ

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

ജനറൽ എഡിറ്റർ : പ്രൊഫ. വി. കാർത്തികേയൻ നായർ
എഡിറ്റർ : കെ.ആർ. സരിതകുമാരി
കവർ : റോയ് ഉമ്മൻ

General Editor : Prof. V. Karthikeyan Nair
Editor : K.R. Sarithakumari
Cover : Roy Oommen

# ആമുഖം

പ്രാചീന ലോകത്തിന്റെ ചരിത്രവും സംസ്കാരവും ലളിതമായി പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥമാണ് പ്രസിദ്ധ ചരിത്ര അധ്യാപകനും കൊല്ലം ശ്രീനാരായണ വനിതാ കോളെജിലെ മുൻപ്രിൻസിപ്പാളുമായ പ്രൊഫ. പി.എസ്. വേലായുധൻ രചിച്ച 'ലോകചരിത്രം ഒന്നാംഭാഗം'. കേരളത്തിലെ വിവിധ സർവകലാശാലകളിലെ ചരിത്ര വിദ്യാർഥികൾക്ക് പ്രയോജനപ്രദമായ ഈ ഗ്രന്ഥത്തിന് വളരെയധികം സ്വീകാര്യതയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ പതിനെട്ടാം പതിപ്പ് ഞങ്ങൾ അഭിമാനപുരസ്സരം വായനക്കാർക്കായി സമർപ്പിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഡിസംബർ 2019

**പ്രൊഫ. വി.കാർത്തികേയൻ നായർ**
**കെ.ആർ. സരിതകുമാരി**

# ഉള്ളടക്കം


1. മനുഷ്യൻെറ ഉൽഭവം 1
2. ശിലായുഗം 4
3. പ്രധാന മനുഷ്യവർഗങ്ങൾ 15
4. ഭാഷകളുടെയും എഴുത്തിൻെറയും ഉൽപ്പത്തി 18
5. പ്രാചീന ഈജിപ്ത് 25
6. സുമേറിയൻ നാഗരികത 38
7. ബാബിലോണിയൻ നാഗരികത 43
8. അസീറിയ മുതൽ ഫിനീഷ്യ വരെ 47
9. പ്രാചീന ചൈന 59
10. പ്രാചീന ഭാരതം 64
11. പ്രാചീന അമേരിക്കൻ സംസ്കാരങ്ങൾ 74
12. യഹൂദർ 79
13. മീഡുകളും പേഴ്സ്യക്കാരും 85
14. പ്രാചീന ഗ്രീക്കുനാഗരികത 91
15. പ്രാചീന ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ 96
16. പ്രാചീന ഗ്രീസിൻെറ സാംസ്കാരിക സംഭാവന 109
17. മാസിഡോണിയൻ സാമ്രാജ്യം 120
18. ഹെല്ലനിക് യുഗം 123
19. റോമാറിപ്പബ്ലിക് 130
20. റോമാസാമ്രാജ്യം 161
21. റോമിലെ സാമുദായികജീവിതവും സംസ്കാരവും 176
22. ക്രിസ്തുമതം - ഉൽഭവവും വളർച്ചയും 195
23. ബാർബേറിയൻ ആക്രമണവും റോമാസാമ്രാജ്യത്തിൻെറ അധഃപ്പതനവും 206

24. ആംഗ്ലോ-സാക്സൺകാലത്തെ ഇംഗ്ലണ്ട് 216
25. പ്രാചീനഭാരതത്തിലെ പ്രധാന സാമ്രാജ്യങ്ങൾ 227
26. ദക്ഷിണഭാരതത്തിലെ തമിഴ് രാഷ്ട്രങ്ങൾ 240
27. ഭാരതീയ സംസ്കാരത്തിൻെറ വൈദേശിക വ്യാപ്തി 249
28. ഇസ്ലാംമതത്തിൻെറ ഉൽഭവവും വളർച്ചയും 257
29. ഡൽഹിയിലെ സുൽത്താൻഭരണം 273
30. വിജയനഗരസാമ്രാജ്യം 279
31. ചൈന - ഹാൻ, താങ്, സൂങ് കാലഘട്ടങ്ങളിൽ 284
32. മധ്യകാലയൂറോപ്പ് 293
33. സന്ന്യാസിമഠ പ്രസ്ഥാനം 303
34. സാമ്രാജ്യവും പേപ്പസിയും തമ്മിലുള്ള സംഘട്ടനം 309
35. കുരിശുയുദ്ധങ്ങൾ 314
36. ഫ്യൂഡലിസം 323
37. മധ്യകാലയൂറോപ്പിലെ നഗരങ്ങളും ഗിൽഡുകളും 331
38. മധ്യകാലയൂറോപ്പിലെ 'യൂണിവേഴ്സിറ്റികൾ' 337
39. മധ്യകാലത്തെ ഇംഗ്ലണ്ട് 343
40. പൗരസ്ത്യറോമാസാമ്രാജ്യം 362
41. മംഗോൾ ആധിപത്യം 370
42. തുർക്കികൾ 377
ചോദ്യങ്ങൾ 382


# 1

# മനുഷ്യൻെറ ഉൽഭവം

നാം വസിക്കുന്ന ഭൂമി എപ്പോൾ എങ്ങനെ ഉണ്ടായി? ഈ ചോദ്യത്തിന് ശാസ്ത്രജ്ഞന്മാർ നൽകിയിട്ടുള്ള ഉത്തരം എന്താണെന്ന് പരിശോധിച്ചു നോക്കാം.

കോടാനുകോടി സംവൽസരങ്ങൾക്കുമുമ്പ് ചുട്ടുപഴുത്ത് അത്യുഗ്രമായി കത്തിജ്വലിച്ചുകൊണ്ടിരുന്ന സൂര്യനെന്ന മഹാഗോളത്തിൻെറ അംശമായിരുന്നു ഭൂമി. സൂര്യഗോളത്തിന്റെ ഭ്രമണപഥത്തിനിടയിൽ അതിനടുത്തുകൂടി പാഞ്ഞു പോയ മറ്റേതെങ്കിലും മഹാഗോളത്തിന്റെ ആകർഷണശക്തി കൊണ്ടോ മറ്റോ സൂര്യനിൽ നിന്നു പൊട്ടിത്തെറിച്ചുപോയി മൂലപദാർഥത്തിനു ചുറ്റും ഭ്രമണം ചെയ്യാൻ തുടങ്ങിയ അഗ്നിഗോളങ്ങളാണ് ഗ്രഹങ്ങൾ. ഇവയിലൊന്നാണ് ഭൂഗോളം. ഭൂമി സൂര്യനിൽ നിന്ന് വേർപെട്ട് സൂര്യനു ചുറ്റും ഭ്രമണം ചെയ്യാൻ തുടങ്ങിയിട്ട് ഇരുന്നൂറുകോടി വർഷത്തിലധികം ആയിട്ടുണ്ടെന്നാണ് ജ്യോതി ശാസ്ത്രജ്ഞന്മാരുടെ അനുമാനം. സൂര്യനിൽ നിന്ന് ഉൽഗമിച്ച് സൂര്യനു ചുറ്റും ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയും മറ്റു ഗ്രഹങ്ങളും ആദ്യം അഗ്നി ഗോളങ്ങളായിരുന്നു. ക്രമേണ അവ തണുക്കാൻ തുടങ്ങി. ചെറിയ ഗോളങ്ങൾ വലിയ ഗോളങ്ങളെക്കാൾ വേഗത്തിൽ തണുത്തു. ഭൂമിയുടെ അന്തർഭാഗം ഇപ്പോഴും അഗ്നികുണ്ഡമാണെങ്കിലും ഉപരിതലം തണുത്ത് കട്ടിയായിത്തീരു കയും ഈ പ്രക്രിയയിൽ നീരുവറ്റി ചുക്കിച്ചുളിഞ്ഞ മധുരനാരങ്ങയുടെ പുറംപോലെ പല ചുരുളുകളും വളവുകളും ഉണ്ടാവുകയും ചെയ്തു. അങ്ങനെയാണ് ഭൂമിയിൽ പർവതങ്ങളും താഴ്വരകളും രൂപംകൊണ്ടത്. ഭൂമിയുടെ പുറംതോട് തണുത്ത് അനേക വർഷങ്ങളിലൂടെയുണ്ടായ പരിണാമ ത്തിൻെറ ഫലമായി ഭൂമിയിൽ വെള്ളമുണ്ടാവുകയും അങ്ങനെ നദികളും തടാകങ്ങളും ഉൽസവിക്കുകയും ചെയ്തു. ആദ്യം വെള്ളം നീരാവിയുടെ രൂപത്തിലായിരുന്നു. ഭൂതലത്തിൻെറ വളരെ കൂടിയ താപനില നിമിത്തമാ യിരുന്നു അത്. എന്നാൽ ഭൂമി തണുത്തു വരുന്തോറും നീരാവി കട്ടിയായി ക്രമേണ മേഘങ്ങളായി രൂപാന്തരപ്പെട്ട് മഴ പെയ്യുകയും മഴവെള്ളം മലകളിലൂടെ കുത്തിയൊലിച്ച് താഴ്വരകളിൽ തങ്ങിനിന്ന് നദികളും തടാകങ്ങളും സമുദ്ര ങ്ങളുമുണ്ടാവുകയാണ് ചെയ്തത്. ശക്തിയായ ജലപ്രവാഹവും സൂര്യരശ്മി